അടിയന്തരപ്രമേയം

പ്ലസ് വൺ ബാച്ചുകൾ വർദ്ധിപ്പിക്കാൻ നടപടി

മി. സ്പീക്കർ: റൂൾ 50, ഇന്നത്തെ റൂൾ 50 പ്രകാരമുള്ള നോട്ടീസിന് ആധാരമായ വിഷയം ആദ്യത്തെ ശ്രദ്ധക്ഷണിക്കൽ നോട്ടീസിന്റെ വിഷയം തന്നെയാണ്. എങ്കിലും ചട്ടം 50 പ്രകാരമുള്ള പ്രതിപക്ഷത്തിന്റെ നോട്ടീസിന് പരിഗണന നൽകുന്നതുകൊണ്ട് വിഷയം റൂൾ 50 ആയി ഉന്നയിക്കുവാൻ അവസരം നൽകുകയാണ്. പ്ലസ് വൺ ബാച്ചുകൾ വർദ്ധിപ്പിക്കാത്തതുമൂലം സംസ്ഥാനത്ത് പത്താംക്ലാസ്സ് പാസ്സായ വിദ്യാർത്ഥികൾക്ക് പ്ലസ് വൺ സീറ്റ് നിഷേധിക്കപ്പെടുന്നുവെന്നും എല്ലാ വിഷയത്തിനും എ പ്ലസ് നേടിയ വിദ്യാർത്ഥികൾക്ക് ഇഷ്ടപ്പെട്ട വിഷയത്തിൽ സീറ്റ് ലഭിക്കാത്ത സാഹചര്യമാണ് ഉളവായിട്ടുള്ളതെന്നും പറയപ്പെടുന്ന സാഹചര്യം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് സർവ്വശ്രീ ഷാഫി പറമ്പിൽ, മഞ്ഞളാംകുഴി അലി, മോൻസ് ജോസഫ്, അനൂപ് ജേക്കബ്ബ്, മാണി സി കാപ്പൻ, ശ്രീമതി കെ.കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, 02-09-2021-ലെ സർക്കാർ ഉത്തരവ് പ്രകാരം തിരുവനന്തപുരം, പാലക്കാട്, കോഴിക്കോട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ 7 ജില്ലകളിലെ എല്ലാ സർക്കാർ, എയിഡഡ്, ഹയർ സെക്കൻഡറി സ്കൂളുകളിലെ പ്ലസ് വൺ പ്രവേശനത്തിനായി എല്ലാ വിഷയങ്ങളിലും 20 ശതമാനം സീറ്റ് വർദ്ധിപ്പിച്ചു നൽകിയിട്ടുണ്ട്. 2021-22 അദ്ധ്യയന വർഷത്തെ ഹയർസെക്കൻഡറി പ്രവേശനത്തിന്റെ മുഖ്യഘട്ടത്തിലെ ഒന്നാം അലോട്ടുമെന്റിന്റെ പ്രവേശന നടപടികൾ അവസാനിപ്പിച്ചു കഴിഞ്ഞപ്പോൾ സംസ്ഥാനത്ത് ഏക ജാലക രീതിയിൽ പ്രവേശനം നടത്തുന്ന 271136 സീറ്റുകളിലേയ്ക്ക് 465219 വിദ്യാർത്ഥികൾ അപേക്ഷിക്കുകയുണ്ടായി. ഇതിൽ മാതൃജില്ലക്ക് പുറമേ, മറ്റു ജില്ലകളിലേയ്ക്ക് അപേക്ഷിച്ച 39489 പേരും ഉണ്ടായിരുന്നു. പ്രവേശനം നൽകേണ്ട യഥാർത്ഥ അപേക്ഷകർ എന്നു പറയുന്നത് 425730 മാത്രമാണ്. ആദ്യ അലോട്ടുമെന്റ് ലഭിച്ചതിൽ 201489 വിദ്യാർത്ഥികൾ പ്രവേശനം നേടിയപ്പോൾ 17065 വിദ്യാർത്ഥികൾ പ്രവേശനം നേടിയില്ല. കഴിഞ്ഞ 5 വർഷത്തെ പ്രവേശന

തോതനുസരിച്ച് 385530 അപേക്ഷകർ മാത്രമേ പ്ലസ് വൺ പ്രവേശനം നേടാൻ സാധ്യതയുള്ളൂ. കഴിഞ്ഞ 5 വർഷത്തെ പ്രവേശനതോതനുസരിച്ച് പ്രവേശനം ലഭിക്കുന്നതിനായി സംസ്ഥാനത്താകെ 159840 അപേക്ഷകർ ബാക്കിയുണ്ട്. അപേക്ഷിച്ച എല്ലാപേരും പ്ലസ് വൺ പ്രവേശനം നേടുകയാണെങ്കിൽ ആകെ 200040 അപേക്ഷകർക്കാണ് പ്രവേശനം ഉറപ്പാക്കേണ്ടത്. 2021-22 അദ്ധ്യയന വർഷത്തെ ഹയർസെക്കന്ററി പ്രവേശനത്തിന് മുഖ്യഘട്ടത്തിലെ അവസാനത്തെ അലോട്ടുമെന്റ്, എയിഡഡ് സ്കൂളുകളിലെ കമ്മ്യൂണിറ്റി ക്വോട്ടാ സീറ്റുകളിലെ അലോട്ടുമെന്റ്, എയിഡഡ് സ്കൂളുകളിലെ മാനേജ്മെന്റ് ക്വോട്ടാ പ്രവേശനം, അൺഎയിഡഡ് സ്കൂളുകളിലെ പ്രവേശനം എന്നിവയൊക്കെ 2021 ഒക്ടോബർ മാസം 7-ാം തീയതി മുതൽക്കേ ആരംഭിക്കുകയുള്ളൂ. ഇത്തരത്തിൽ ലഭ്യമായ സീറ്റുകളും ഒഴിവു വരുന്ന സ്പോർട്സ് ക്വോട്ടാ സീറ്റുകൾ പൊതു മെറിറ്റ് ക്വോട്ടാ സീറ്റുകളായി പരിവർത്തനം ചെയ്യുമ്പോൾ ഉണ്ടാകുന്ന സീറ്റുകളും കൂട്ടുമ്പോൾ സംസ്ഥാനത്താകെ 192959 സീറ്റുകൾ ലഭ്യമാണ്. ഇതിനുപുറമേ വൊക്കേഷണൽ ഹയർസെക്കന്ററി, പോളിടെക്നിക്ക്, ഐ.ടി.ഐ മേഖലകളിലായി 97283 സീറ്റുകൾ ലഭ്യമാണ്.

ഹയർസെക്കന്ററിയിൽ ജില്ലാടിസ്ഥാനത്തിൽ നിലവിലെ സ്ഥിതിയെ സംബന്ധിച്ചിടത്തോളമുള്ള രേഖകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുകയാണ്. * മലബാർ മേഖലയിലെ ജില്ലകളിലും, തെക്കൻ മേഖലയായ തിരുവനന്തപുരം ജില്ലയിലും സീറ്റ് കുറവുള്ള ഇടങ്ങളിലെല്ലാം അധിക സീറ്റുകൾ ഇതിനകം നൽകിയതിനാൽ സർക്കാരിന്റെ സാമ്പത്തിക സ്ഥിതി പരിഗണിച്ച് 2021-22 അദ്ധ്യയന വർഷം സംസ്ഥാനത്ത് അധിക ബാച്ച് അനുവദിക്കേണ്ടതില്ല എന്നുള്ള സമീപനമാണ് സ്വീകരിച്ചിരിക്കുന്നത്. മുഖ്യ അലോട്ടുമെന്റ് പൂർത്തീകരിക്കുന്ന 2021 ഒക്ടോബർ മാസം 23 നുശേഷം സപ്ലിമെന്ററി അലോട്ടുമെന്റുകൾ ആരംഭിക്കുന്നതിനു മുൻപായി സംസ്ഥാനത്തെ എല്ലാ ജില്ലകളുടെയും സ്ഥിതി വിശദമായി പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. സംസ്ഥാനത്തെ ഹയർ സെക്കന്ററി സ്കൂളുകളിലെ പ്ലസ് വൺ പ്രവേശനം ലളിതവും സുതാര്യവും സാമൂഹ്യനീതി ഉറപ്പാക്കുന്ന തരത്തിലുമായി കഴിഞ്ഞ 13 വർഷമായി ഏകജാലക പ്രവേശനം, കേന്ദ്രീകൃത അലോട്ടുമെന്റ് സംവിധാനം നടപ്പിലാക്കി വരുന്നുണ്ട്. ഇതിൽ അപേക്ഷിക്കുന്ന അർഹരായ വിദ്യാർത്ഥികൾക്ക് മെരിറ്റ് അടിസ്ഥാനത്തിൽ

---

* അനുബന്ധമായി ചേർത്തിട്ടുണ്ട്.

ആഗ്രഹിക്കുന്ന സ്കൂളുകളിൽ പരമാവധി പ്രവേശനം ലഭിക്കുന്നതാണ്. നമുക്ക് ഈപ്രാവശ്യം എ പ്ലസ്സ് കൂടുതലായതുകൊണ്ട് ഉദ്ദേശിക്കുന്ന സബ്ജക്ട് ഒരുപക്ഷെ എല്ലാ വിദ്യാർത്ഥികൾക്കും കിട്ടിയെന്നു വരില്ല. ഏതെങ്കിലും സ്കൂളിലോ, കോഴ്സിലോ, പ്ലസ് വൺ പ്രവേശനം വേണമെന്ന് പ്രത്യേക അപേക്ഷകൾ മെരിറ്റിനെ ഒഴിവാക്കിക്കൊണ്ട് പരിഗണിക്കാൻ കഴിയുകയില്ലെന്ന കാര്യം കൂടി പറയുകയാണ്. രണ്ടാമത്തെ അലോട്ടുമെന്റ് ഒക്ടോബർ 7-ാം തീയതിയാണ്. മുഖ്യഘട്ടം പൂർത്തീകരിക്കുന്നത് ഒക്ടോബർ മാസം 23-ാം തീയതിയാണ്. സീറ്റുകളുടെ തുടർന്നുള്ള ആവശ്യകത ഒക്ടോബർ മാസം 23 ന ശേഷം മാത്രമേ കൃത്യമായി ലഭിക്കുകയുള്ളൂ. കഴിഞ്ഞ 5 വർഷങ്ങളിൽ 2016-ലാണ് ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ എസ്.എൽ.സി. പരീക്ഷ പാസ്സായിട്ടുള്ളത്. 458080 പേരാണ് അന്ന് പാസ്സായിട്ടുള്ളത്. അതേ സീറ്റുകൾ തന്നെയാണ് ഇപ്പോഴും ഉള്ളത്. ഇക്കൊല്ലം എസ്.എൽ.സി. പാസ്സായ കുട്ടികൾ 419653 മാത്രമാണ്. സീറ്റുകളുടെ എണ്ണത്തിൽ മാറ്റമില്ല. അതുകൊണ്ട് രണ്ടാംഘട്ട അലോട്ടുമെന്റും സ്പോട്ട് അഡ്മിഷനും കഴിയുമ്പോൾ നമുക്ക് ഉപരിപഠനത്തിന് ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക്

അവസരം കൊടുക്കാൻ കഴിയുമെന്നുതന്നെയാണ് ഗവൺമെന്റ് നിലപാട്.

ശ്രീ. ഷാഫി പറമ്പിൽ: സർ, ഈ സർക്കാരിൽ നിന്നും കൂടുതലൊന്നും പ്രതീക്ഷിക്കേണ്ടതില്ലെന്ന് കേരളത്തിലെ സാധാരണക്കാരും പാവപ്പെട്ടവരും പണം കൊടുത്ത് പഠിക്കാൻ കഴിയാത്തവരുമായ വിദ്യാർത്ഥികൾക്ക് തോന്നുന്നതരത്തിലാണ് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി മറുപടി പറഞ്ഞിരിക്കുന്നത്. സ്വന്തം ആരോഗ്യകാര്യങ്ങളേക്കാൾ കുട്ടികളുടെ പഠനത്തിന് പ്രാധാന്യംകൊടുക്കുന്ന അച്ഛനമ്മമാരുടെ നാടാണ് കേരളം. അവനവന്റെ കാര്യങ്ങൾ മാറ്റിവച്ചും കുട്ടികൾക്ക് നന്നായി പഠിക്കാനുള്ള അവസരമൊരുക്കണമെന്ന് ആഗ്രഹിക്കുന്ന രക്ഷിതാക്കളെ സംബന്ധിച്ചിടത്തോളം കോവിഡ് മഹാമാരിയും അതുമൂലമുണ്ടായ പ്രയാസങ്ങളും പ്രതിസന്ധികളും തൊഴിലിനെയും വരുമാനത്തെയും ബാധിച്ചിരിക്കുകയാണ്. മാത്രമല്ല, കുട്ടികളുടെ പഠനത്തെയും അധ്യാപനത്തെതന്നെയും ഈ മഹാമാരി ബാധിച്ച സാഹചര്യത്തിലുണ്ടായ എല്ലാ പ്രയാസങ്ങൾക്കുമൊടുവിലും ആറിഞ്ച് സ്ക്രീനിന്റെ വലുപ്പത്തിൽ പാഠങ്ങൾ കണ്ട് കുട്ടികൾ കഷ്ടപ്പെട്ട് പഠിച്ചു. വേണ്ടവിധത്തിൽ അധ്യാപനം

നടക്കാതെയും ആവശ്യമായ പ്രാക്ടിക്കലുകൾ ലഭ്യമാകാതെയും, ബുദ്ധിമുട്ടുകൾ താണ്ടിയ കുട്ടികൾ ഈ പ്രയാസങ്ങൾക്കൊടുവിലും ചരിത്ര വിജയം നേടി. 99.47 ശതമാനം കുട്ടികൾ പരീക്ഷയിൽ വിജയിച്ചു. ഒരുലക്ഷത്തി ഇരുപത്തിയൊന്നായിരത്തിലധികം കുട്ടികൾക്ക് എപ്ലസ് കിട്ടിയെങ്കിലും അവർക്കുപോലും ചിലപ്പോൾ പഠിക്കാനായി ഇഷ്ടപ്പെട്ട വിഷയം ലഭ്യമാകാൻ സാധ്യതയില്ലെന്ന് കേരളത്തിന്റെ പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിതന്നെ മറുപടിയായി പറയുന്ന സാഹചര്യം എത്രയോ ഗുരുതരമാണെന്ന് നമുക്കെല്ലാവർക്കും ബോധ്യപ്പെടുകയാണ്. പ്രതിപക്ഷം ഇതുസംബന്ധിച്ച് നേരത്തെതന്നെ സഭയിൽ പറഞ്ഞിട്ടുള്ളതാണ്. പഴയകാല വിദ്യാർത്ഥി-യുവജന സംഘടനാ പ്രവർത്തകനായ അങ്ങേയ്ക്കും ഈ കാര്യങ്ങളെല്ലാമറിയാം. ഈ കണക്കുകളെല്ലാം മൊത്തക്കണക്കായെടുത്താൽ ഒരിക്കലുമത് നീതിയല്ലെന്ന് കേരളത്തിലെ എല്ലാവർക്കുമറിയാം. മൊത്തം സീറ്റുകളുടെയും അപേക്ഷകരുടെയും അലോട്ട്മെന്റിന്റെയും കണക്കുകൾ മാത്രമെടുത്തിട്ടോ എല്ലാ ജില്ലകളിലും പത്ത് ശതമാനവും ചില ജില്ലകളിൽ ഇരുപത് ശതമാനവും സീറ്റുകൾ വർദ്ധിപ്പിച്ചതുകൊണ്ടോ ഈ പ്രശ്നത്തെ അഭിമുഖീകരിക്കാൻ

കഴിയില്ല. പാലക്കാട് ജില്ലയിൽ ഉപരിപഠനത്തിന് അർഹത നേടിയ വിദ്യാർത്ഥികളുടെ എണ്ണം 38518 -ഉം ജില്ലയിലെ ആകെ സീറ്റുകൾ 28267 -ഉം ആണ്. ഇവിടെത്തന്നെ പതിനായിരത്തി ഇരുനൂറ്റി അൻപത്തിയൊന്ന് സീറ്റുകളുടെ കുറവുണ്ട്. സീറ്റ് വർദ്ധിപ്പിച്ചാൽപ്പോലും 4598 കുട്ടികൾ പുറത്താണ്. ഇതുമാത്രമല്ല പ്രശ്നം, ഇതേ ജില്ലയിലെ പെരുമാട്ടി ഹയർ സെക്കണ്ടറി സ്കൂളിലെ ബയോളജി സീറ്റിന്റെ എണ്ണം 120 വരുമ്പോൾ അവിടെ പ്രവേശനം നേടുന്ന കുട്ടികളുടെ എണ്ണം പലപ്പോഴും നാൽപ്പത്തൊന്നാണ്. അട്ടപ്പാടിയിലും അഗളിയിലും ഇങ്ങനെതന്നെയാണ്. ശാസ്ത്രീയമായി പഠിച്ച് ആവശ്യമായ സ്ഥലങ്ങളിൽ സീറ്റ് കൊടുക്കുകയും അല്ലാത്ത സ്ഥലങ്ങളിലെ സീറ്റുകൾ റീഅറേഞ്ച്മെന്റ് നടത്തി കുട്ടികൾക്ക് തുടർ പഠനത്തിനുള്ള അവസരമൊരുക്കണമെന്ന് ഞങ്ങൾ ആവർത്തിച്ച് സർക്കാരിനോട് അവശ്യപ്പെടുന്നു. ഇതിനുപകരം വളരെ കാഷ്വലായിട്ടുള്ള ഒരു സമീപനം പ്രസ്തുത വിഷയത്തിൽ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകരുതെന്ന് കേരളത്തിലെ വിദ്യാർത്ഥികൾക്കുവേണ്ടി ഇവിടെ പ്രതിപക്ഷം പറയാൻ ആഗ്രഹിക്കുകയാണ്. ഒരു ജില്ലയുടെ അടിസ്ഥാനത്തിൽ കണക്കുകളെടുത്താൽപ്പോലും കുട്ടികൾക്ക്

വേണ്ടത്ര അഡ്മിഷൻ കൊടുക്കാൻ കഴിയില്ലെന്നുള്ള സാഹചര്യം നമ്മുടെ മുമ്പിലുണ്ട്. അങ്ങ് ഇവിടെ പറഞ്ഞ കണക്കിൽ ഏറ്റവും പ്രധാനപ്പെട്ടതും ആളുകൾ തെറ്റിദ്ധരിക്കപ്പെടാനിടയാക്കുന്ന സാഹചര്യവും പ്രവേശനത്തിന്റെ തോതാണ് അഡ്മിഷന്റെ ബേയ്സായി എടുക്കുന്നത് എന്നതാണ്. പ്രവേശനത്തിന്റെ തോതല്ല മറിച്ച് അപേക്ഷകരുടെ എണ്ണമാണ് അടിസ്ഥാനമായി എടുക്കേണ്ടത്. പ്രവേശനത്തിന്റെ തോതനുസരിച്ച് നമ്മൾ കണക്കെടുത്താൽ നിലവിലുള്ള സീറ്റുകളിലേയ്ക്കുമാത്രമേ പ്രവേശനം നടക്കുകയുള്ളൂ. എന്നാൽ അപേക്ഷകരുടെ എണ്ണം അതിലുമെത്രയോ ഇരട്ടിയാണ്. അപേക്ഷകരുടെ എണ്ണമനുസരിച്ച് അവരിൽ എത്രപേർക്ക് സീറ്റ് കൊടുക്കാൻ കഴിഞ്ഞുവെന്നതല്ലേ നമ്മൾ എടുക്കേണ്ട കണക്ക്; അതിൽ അഡ്മിഷൻ കിട്ടാതെ പുറത്തുപോകുന്ന കുട്ടികൾ എന്തുചെയ്യുമെന്നതല്ലേ നമ്മുടെ മുമ്പിലുള്ള ആശങ്ക? ഈ സാഹചര്യം പരിഹരിക്കാനായാണ് അഡീഷണൽ സീറ്റുകളുടെ എണ്ണത്തേക്കാൾ കൂടുതൽ ചില ജില്ലകളിൽ അഡീഷണൽ ബാച്ചുകൾതന്നെ അനിവാര്യമാണെന്ന് ഈ സർക്കാരിന്റെ മുമ്പിൽ രക്ഷിതാക്കളും മാധ്യമങ്ങളും പ്രതിപക്ഷാംഗങ്ങളും

ആവശ്യപ്പെട്ടുകൊണ്ടേയിരിക്കുന്നത്. എന്തിനധികംപറയുന്ന ഈ പ്രശ്നത്തിന്റെ ഗൗരവം അപ്പുറത്തിരിക്കുന്ന ആളുകൾക്കുകൂടി ബോദ്ധ്യപ്പെട്ടതുകൊണ്ടാണല്ലോ ബഹുമാനപ്പെട്ട സ്പീക്കർ ഇവിടെ സൂചിപ്പിച്ചതുപോലെ, പ്ലസ് വൺ കുട്ടികളുടെ പ്രവേശനത്തിന്റെ പ്രശ്നം പരിഹരിക്കണമെന്ന ശ്രദ്ധക്ഷണിക്കൽ ഭരണപക്ഷത്തുനിന്നുതന്നെ ഒരു മുൻ മന്ത്രിക്ക് ഈ സഭയിൽ കൊടുക്കേണ്ടതായിവന്നത്; ഇക്കാര്യം ഗൗരവമായി കാണണ്ടേ? അങ്ങിവിടെ ജില്ലകളിലെ പ്രശ്നങ്ങൾ സൂചിപ്പിച്ചു, ഇരുപത് ശതമാനം സീറ്റുകളുടെ വർദ്ധനവ് സംഭവിച്ചാൽത്തന്നെയും എത്രയാളുകൾ പുറത്ത് നിൽക്കുന്നുവെന്ന കണക്ക് അങ്ങയുടെ പക്കലുണ്ടാകുമല്ലോ, ഇതെല്ലാം ഒരു വിരൽത്തുമ്പിൽ കിട്ടേണ്ടതല്ലേ? നമ്മുടെ കുട്ടികൾ ഇതിൽക്കൂടുതൽ എന്താണ് ചെയ്യേണ്ടത്. പഠിക്കാനായി സ്കൂളുകളിലേയ്ക്ക് പോകാൻ കഴിയാത്ത ഒരു കാലഘട്ടം, അവരുടെ അച്ഛനമ്മമാരുടെ വരുമാനത്തിന് കുറവുള്ള കാലഘട്ടം, സ്മാർട്ട് ഫോണിന്റെയും ഇന്റർനെറ്റിന്റെയും സഹായം തേടേണ്ട കാലഘട്ടം. എന്നിരുന്നാലും ആ പ്രയാസങ്ങൾക്കെല്ലാത്തിനും നടുവിലും നന്നായി പഠിച്ച് എല്ലാ വിഷയങ്ങളിലും എപ്ലസ് നേടുന്നതിനേക്കാളപ്പുറം ഏതുതരത്തിലുള്ള മെരിറ്റാണ് കേരളത്തിലെ

സാധാരണക്കാരായ വിദ്യാർത്ഥികൾക്ക് ആവശ്യമുള്ളത്? അപ്പുറത്തും ഇപ്പുറത്തും ഇരിക്കുന്ന നൂറ്റിനാൽപ്പത് എം.എൽ.എ.മാർക്കും വളരെ കൃത്യമായിട്ട് അറിയാം, മുഴുവനും വിഷയങ്ങൾക്കും എപ്ലസ് കിട്ടിയിട്ടും ഞങ്ങൾക്ക് ഉദ്ദേശിച്ച സീറ്റ് കിട്ടിയില്ല, എന്തെങ്കിലും ചെയ്തുതരണമെന്ന് പറഞ്ഞുകൊണ്ട് ആദ്യ അലോട്ട്മെന്റ് കഴിഞ്ഞശേഷം അവരവരുടെ ഓഫീസുകളിലും വീടുകളിലും വന്നുകണ്ടിട്ടില്ലെന്ന് പറയാൻ എത്ര എം.എൽ.എ.മാർക്ക് സാധിക്കും? കുട്ടിയുടെ കയ്യുംപിടിച്ച് ഒരു രക്ഷിതാവ് ഓഫീസിൽ വന്നിട്ട്, 'എല്ലാ വിഷയത്തിലും എന്റെ കുട്ടി എപ്ലസ് നേടിയിട്ടും ഒരു സീറ്റ് കിട്ടുന്നില്ല' എന്നുപറയുമ്പോൾ നാം എന്ത് മറുപടിയാണ് പറയുക? ഈ വിഷയത്തിൽ ഒരു ശാസ്ത്രീയമായ സമീപനം ആവശ്യമാണ്. മലപ്പുറം ജില്ലയുടെ കണക്ക് അങ്ങിവിടെ സൂചിപ്പിച്ചു. മലപ്പുറം ജില്ലയിൽ 2020 -ൽത്തന്നെ 98.82 ശതമാനം വിജയമുണ്ടായിരുന്നു. വീണ്ടും വിജയശതമാനം കൂടുന്നു, എപ്ലസ് ലഭ്യമായവരുടെ എണ്ണവും കൂടുന്നു. സീറ്റ് ലഭിക്കുന്ന വിദ്യാർത്ഥികൾക്കുതന്നെ അവർ ഇഷ്ടപ്പെട്ട വിഷയം ലഭ്യമാകുന്നില്ല. ഒരു കുട്ടിക്ക് ഇഷ്ടപ്പെട്ട വിഷയം പഠിക്കാനായി ആ കുട്ടി ചെയ്യേണ്ട ഏറ്റവും അടിസ്ഥാനപരമായ കാര്യം ഏറ്റവും

മാക്സിമം സ്കോർ ചെയ്യുക എന്നതാണ്. അങ്ങനെ സ്കോർ ചെയ്തിട്ടും കുട്ടികൾക്ക് ഇഷ്ടപ്പെട്ട വിഷയമോ ഇഷ്ടപ്പെട്ട കോമ്പിനേഷനോ ലഭിക്കുന്നില്ല, ഇഷ്ടപ്പെട്ട സ്ഥലത്തോ, സ്കൂളിലോ തന്നെയും പഠിക്കാൻ കഴിയുന്നില്ല, ചിലർക്ക് സീറ്റുപോലും ലഭിക്കുന്നില്ല. എന്തൊരു ഗുരുതരമായ പ്രതിസന്ധിയാണിത്? ഈ സാഹചര്യത്തിൽ അവർ നേരിടുന്ന മാനസിക പ്രയാസം നമ്മൾ കാണണം. മലപ്പുറം ജില്ലയിൽ 75554 കുട്ടികൾ ഉപരിപഠനത്തിന് യോഗ്യത നേടി. മെരിറ്റിലെ ആകെ സീറ്റ് 34737 -ആണ്. പണമില്ലാതെ പഠിക്കാൻ കഴിയുന്ന കുട്ടികളുടെ എണ്ണം പകുതിയിലും കുറവാണ്. നോൺമെരിറ്റ് വിഭാഗത്തിൽ 18000 സീറ്റുണ്ട്. അങ്ങനെ വരുമ്പോഴും 22302 സീറ്റുകളുടെ കുറവുണ്ട്. ഇരുപത് ശതമാനം സീറ്റ് വർദ്ധിപ്പിച്ചാലും 11684 സീറ്റിന്റെ കുറവ് ആ ജില്ലയിൽമാത്രമുണ്ടെന്ന് പറയുമ്പോൾ പതിനായിരക്കണക്കിന് ആളുകളെ ബാധിക്കുന്നതും നമ്മുടെ വിദ്യാർത്ഥികളുടെ ഭാവിയെ ബാധിക്കുന്നതുമായ ഒരു പ്രശ്നത്തെ സാമ്പത്തിക ബാദ്ധ്യതയുട പേരിൽ മാത്രം മാറ്റി നിർത്താൻ കഴിയുമോ? സാമ്പത്തിക ബാദ്ധ്യതയും സാമ്പത്തിക പ്രയാസങ്ങളും സർക്കാരിനുണ്ടെങ്കിൽ അതിന്റെ ബാദ്ധ്യത എല്ലാ വിഷങ്ങളിലും

പഠിച്ചുപാസ്സായ കുട്ടികളുടെ തലയിൽ വയ്ക്കുന്നത് ഈ സർക്കാർ ഒഴിവാക്കണമെന്ന കാര്യം അവർക്കുവേണ്ടി പറയാൻ ഞങ്ങൾ ആഗ്രഹിക്കുകയാണ്. വകുപ്പിന് ഇക്കാര്യത്തിൽ ഒരു വിട്ടുവീഴ്ചയും ചെയ്യാൻ കഴിയില്ലെന്ന് ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി എന്ന നിലയിൽ അങ്ങ് ഗവൺമെന്റിനോട്പറയണം. ഒരാവശ്യത്തിനും ഉപയോഗിക്കാത്ത ഹെലികോപ്റ്ററിന് കൊടുക്കുന്ന വാടകയുടെ പരിഗണനയെങ്കിലും പഠിക്കുന്ന കുട്ടികളുടെ സീറ്റിന് നൽകണമെന്നാണ് ഞങ്ങൾക്ക് വിനീതമായി പറയാനുള്ളത്. അങ്ങാണ് ഇക്കാര്യത്തിൽ നിലപാടെടുക്കേണ്ടത്. ഫുൾ എപ്ലസ് കിട്ടിയ കുട്ടിക്ക് ചിലപ്പോൾ ഇഷ്ടപ്പെട്ട വിഷയം പഠിക്കാൻ കഴിയില്ലെന്ന് അങ്ങുതന്നെ മറുപടിയിൽ പറഞ്ഞു. ഇത് ഗുരുതരമായ ഒരു പ്രശ്നമല്ലേ; ഇഷ്ടപ്പെട്ട ഒരു വിഷയം പഠിക്കാൻ ഇതിൽക്കൂടുതൽ ഒരു കുട്ടി എന്താണ് ചെയ്യേണ്ടത്? പാലക്കാട് ജില്ലയിൽ ഇരുപത് ശതമാനത്തിന്റെ സീറ്റ് വർദ്ധനവുണ്ടായാലും 4598 സീറ്റിന്റെ കുറവ് വരുമെന്ന് ഞാൻ പറഞ്ഞു. കണ്ണൂർ ജില്ലയിൽ ഇരുപത് ശതമാനത്തിന്റെ സീറ്റ് വർദ്ധനവുണ്ടായാലും പിന്നെയും 10261 -ൽ അധികം കുട്ടികൾക്കും സീറ്റ് ഇല്ലാതെ പോകുകയാണ്. കോഴിക്കോട് ജില്ലയിൽ ഇരുപത്

ശതമാനത്തിന്റെ സീറ്റ് വർദ്ധനവുണ്ടായാലും മൂവായിരത്തിലധികം കുട്ടികൾക്ക് സീറ്റ് ലഭ്യമാകാതിരിക്കും. ഇവർ എവിടെപ്പോയി പഠിക്കും? അതേ സമയം ഇപ്പോഴും നാലായിരത്തിനാനൂറ്റി നാൽപ്പതിലധികം അധിക സീറ്റുകൾ പത്തനംതിട്ട ജില്ലയിലുണ്ട്. ആലപ്പുഴയിലും ഇടുക്കിയിലും കോട്ടയത്തും എറണാകുളത്തും അധികസീറ്റുകളുണ്ട്. കാസർഗോഡ് ജില്ലയിൽ 2156 സീറ്റിന്റെ കുറവും വയനാട് പോലുള്ള ഒരു ചെറിയ ജില്ലയിൽ ആയിരത്തിലധികം സീറ്റിന്റെ കുറവും നിലനിൽക്കുന്നുണ്ട്. അധികം വരുന്ന ബാച്ചുകൾ ഷിഫ്റ്റ് ചെയ്ത് കുറവുള്ള സ്ഥലങ്ങളിലേയ്ക്ക് മാറ്റുന്നതിനുള്ള ശാസ്ത്രീയമായ സമീപനം സ്വീകരിക്കുന്നതിനുപകരം എല്ലായിടത്തും പത്തും ചിലയിടങ്ങളിൽ ഇരുപതും ശതമാനം സീറ്റ് വർദ്ധനവെന്ന പൊതുപ്രഖ്യാപനംകൊണ്ട് ഈ പ്രശ്നത്തെ അഭിമുഖീകരിക്കാൻ കഴിയില്ലെന്ന് ഈ സഭയിൽ പ്രതിപക്ഷം ഇതിനുമുമ്പ് പറഞ്ഞിട്ടുണ്ട്, അന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഈ വിഷയത്തെ ഒരു സ്റ്റേറ്റ് യൂണിറ്റായി കാണരുതെന്ന് ക്രിസ്റ്റൽ ക്ലിയറായി സൂചിപ്പിച്ചതാണ്. അത്തരത്തിൽ ഒരു ശ്രമം നടത്തുന്നതിനുപകരം പ്രവേശനത്തിന്റെ തോത് വച്ചുള്ള കണക്കുകൾകൊണ്ട്

വീണ്ടും ഈ പ്രശ്നത്തെ അഭിമുഖീകരിക്കാൻ ശ്രമിക്കുകയാണ്. ഇത് ഗൗരവതരമായ വിഷയമാണ് ഒരു ക്ലാസ്സിലെ കുട്ടികളുടെ എണ്ണം അമ്പതിലധികമാകുന്നതിനെതിരെ കോടതി വിധികൾപോലും നിലനിൽക്കുകയാണ്. സ്കൂളുകൾ തുറക്കാനായി പോകുന്നു; ലാബ് ഉൾപ്പെടെയുള്ള സൗകര്യങ്ങൾ കുട്ടികൾക്ക് കൊടുക്കാൻ നമ്മുടെ സ്കൂളുകൾക്ക് സാധിക്കണം. ക്ലാസ് മുറികൾ പലതും സ്പേസിനെ വിഭാവനം ചെയ്ത് കെട്ടിയതല്ല. ക്ലാസ് മുറികളിൽ കുട്ടികളെയെല്ലാം ഒരുമിച്ചിരുത്തുമ്പോൾ അവർക്ക് പ്രയാസമുണ്ടാകുന്നില്ലേ? അതുപോലെത്തന്നെ പല ബാച്ചുകളും കൊടുത്തയിടങ്ങളിൽ വേണ്ടത്ര കുട്ടികളിലെ എണ്ണം കിട്ടാത്തതിന്റെ പേരിൽ അദ്ധ്യാപകരുടെ നിയമനംപോലും പ്രശ്നമായി നിൽക്കുന്ന അവസ്ഥകളുമുണ്ട്.

മി. സ്പീക്കർ: യെസ്...... യെസ്...... പ്ലീസ് കൺക്ലൂഡ്.....

ശ്രീ. ഷാഫി പറമ്പിൽ: അപ്പോൾ ഒരു വശത്ത് എക്സസ് സീറ്റും അതിനെ സയന്റിഫിക്കായി അപ്രോച്ച് ചെയ്യാത്തതിന്റെ പേരിൽ ഒരു പ്രദേശത്ത് ഫുൾ എ പ്ലസ് നേടിയ കുട്ടിക്കുപോലും ഇഷ്ടപ്പെട്ട വിഷയമോ സ്കൂളോ പ്രദേശമോ കിട്ടാതെ നിൽക്കുന്നത് സഭ ശ്രദ്ധിക്കേണ്ടതാണ്.

മി. സ്പീക്കർ: അങ്ങ് ആവർത്തിക്കുകയാണ്....... അവസാനിപ്പിക്കണം...

ശ്രീ. ഷാഫി പറമ്പിൽ: ഈ വിഭജനം സഭ ശ്രദ്ധിക്കേണ്ട വിഷയമാണ്. ഏറ്റവും കൂടുതൽ സീറ്റുകളുള്ള സ്ഥലങ്ങളിൽ എത്രയോ മാർക്ക് കുറവുള്ള കുട്ടിക്കുപോലും അഡ്മിഷൻ കിട്ടുമ്പോൾ വേറൊരു പ്രദേശത്ത് ഏറ്റവും കൂടുതൽ സ്കോർ ചെയ്ത കുട്ടിപോലും പുറത്തുനിൽക്കുന്നൊരു അവസ്ഥയുണ്ടാകുന്നത് സ്റ്റേറ്റ് യൂണിറ്റായി ഇതിനെ കാണുന്നതുകൊണ്ടുള്ള കുഴപ്പമാണ്; അത് അവസാനിപ്പിക്കണം.

മി. സ്പീക്കർ: അങ്ങ് പറഞ്ഞ കാര്യം ആവർത്തിക്കുകയാണ്.

ശ്രീ. ഷാഫി പറമ്പിൽ: ഗവൺമെന്റ് സാമ്പത്തിക ബാദ്ധ്യതയുടെ പേരിൽ ഈ പ്രശ്നത്തെ അഡ്രസ്സ് ചെയ്യാതിരിക്കരുത്. സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സ്കൂളുകളിൽ കുട്ടികൾ ചേരാൻ ആഗ്രഹിക്കുമ്പോൾ ഈ പ്രശ്നം സഭ നിർത്തിവച്ച് ചർച്ച ചെയ്ത് ശാശ്വതപരിഹാരമുണ്ടാക്കണമെന്ന് സഭയോട് ആവശ്യപ്പെടുകയാണ്.

പൊതുവിദ്യാഭ്യാസ - തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ച

കണക്കുകളിലും പറഞ്ഞ കാര്യങ്ങളിലും ധാരാളം പിശകുകളുണ്ട്. സംസ്ഥാന നിയമസഭയിൽ ഒരു പ്രശ്നം അടിയന്തരപ്രമേയമായി ചൂണ്ടിക്കാണിക്കുന്ന അവസരത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ സംസ്ഥാനത്താകെ ഹയർസെക്കണ്ടറി വിദ്യാഭ്യാസത്തിനുള്ള ടോട്ടൽ സീറ്റിന്റെ എണ്ണം വച്ചുകൊണ്ടുള്ള കണക്ക് മാത്രമേ പൊതുവിദ്യാഭ്യാസ വകുപ്പിന് പറയാൻ കഴിയൂ. അതല്ലാതെ സംസ്ഥാനത്തുള്ള ഓരോ സ്കൂളുകളുടെയും വിശദവിവരം പരിശോധിക്കാൻ പ്രയാസമാണ്. കഴിഞ്ഞ കൊവിഡ് കാലഘട്ടത്തിൽ ഈ ഗവൺമെന്റ് പൊതുവിദ്യാഭ്യാസത്തിനും വിദ്യാഭ്യാസ മേഖലയ്ക്കും അങ്ങേയറ്റത്തെ പ്രാധാന്യം കൊടുത്തുകൊണ്ടുള്ള പ്രവർത്തനമാണ് എല്ലാവരുടെയും സഹായത്തോടുകൂടി നടത്തിയിട്ടുള്ളതെന്ന് നമുക്കെല്ലാവർക്കുമറിയാം. അതുകൊണ്ട് ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചതുപോലെയുള്ള സമീപനമല്ല വിദ്യാഭ്യാസരംഗവുമായി ബന്ധപ്പെട്ട് നമുക്കെല്ലാവർക്കുമുള്ളത്. അതിന്റെ പരിമിതികൾ നമ്മൾ മനസ്സിലാക്കണം. സംസ്ഥാനത്തിലെ ആകെ പ്ലസ് വൺ സീറ്റുകളുടെ എണ്ണം 394457. കണക്കുകൾ തെറ്റാണെന്ന് പറയാൻ കഴിയില്ല. ആകെ അപേക്ഷകർ 465219.

മറ്റ് ജില്ലയിൽനിന്നുള്ള അപേക്ഷകരുടെ എണ്ണം 39489. ജില്ലകൾക്കകത്തുള്ള അപേക്ഷകരുടെ എണ്ണം 425730. അഞ്ചുവർഷത്തെ ശരാശരി നോക്കുമ്പോൾ 90.5 ശതമാനം ആൾക്കാരാണ് ശരാശരി ഉപരിപഠനത്തിനുവേണ്ടി അപേക്ഷ നൽകാൻ സാദ്ധ്യതയുള്ളതെന്ന് 2016-മുതലുള്ള കണക്കുകൾ എടുത്താൽ മതിയാകും. പ്രവേശനം നേടാൻ സാദ്ധ്യതയുള്ള അപേക്ഷകരുടെ എണ്ണം കഴിഞ്ഞ അഞ്ചുവർഷത്തെ സംസ്ഥാന ശരാശരി നോക്കുമ്പോൾ 385530 ആണ്. ഒന്നാം അലോട്ട്മെന്റിൽ 201489 പേരാണ് പ്രവേശനം നേടിയത്. അക്കാര്യം ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിക്കാത്തത് എന്താണെന്ന് എനിക്കറിയില്ല. അലോട്ട്മെന്റ് നൽകിയിട്ടും പ്രവേശനം നേടാത്തവർ 17065 പേരാണ്. വൊക്കേഷണൽ ഹയർസെക്കണ്ടറിയിൽ പ്രവേശനം നേടിയവർ 7136 പേരാണ്. പ്രവേശനത്തിന് അവശേഷിക്കുന്നത് 159840 പേരാണ്. ഒന്നാം അലോട്ട്മെന്റിനുശേഷം ലഭ്യമായ ആകെ സീറ്റുകൾ 192959 പരിപൂർണ്ണമായി അലോട്ടുമെന്റ് കഴിയുമ്പോൾ സംസ്ഥാനത്താകെ 33119 സീറ്റുകൾ മിച്ചംവരുമെന്നുള്ളതാണ് നിലവിലുള്ള സീറ്റുകളുടെ കണക്കനുസരിച്ച്.....(ബഹളം)... ഞാൻ പറഞ്ഞ് തീർക്കട്ടെ......

പ്രവേശനത്തിനായി ശേഷിക്കുന്നവരുടെ എണ്ണം 159840 എന്ന് ഞാൻ പറഞ്ഞല്ലോ. ഒന്നാം അലോട്ടുമെന്റിനുശേഷം മെരിറ്റ് ക്വാട്ടയിൽ ഒഴിവുള്ള സീറ്റുകൾ 71230 എന്നത്, ശ്രീ. ഷാഫി പറമ്പിൽ നോട്ട് ചെയ്യണം, കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകൾ 27961 സ്പോർട്സ് ക്വാട്ട സീറ്റുകൾ പൊതുമെരിറ്റിനായി പരിവർത്തനം ചെയ്തതാണെന്ന സീറ്റുകളുടെ എണ്ണം 3552. മാനേജ്മെന്റ് ക്വാട്ട സീറ്റുകൾ 35214 അൺ എയ്ഡഡ് ക്വാട്ട സീറ്റുകൾ 50002. ഒന്നാം അലോട്ട്മെന്റിനുശേഷം ലഭ്യമായ ആകെ സീറ്റുകൾ 192951. ഈ കണക്കുവച്ചുകൊണ്ടാണ് 33119 സീറ്റുകൾ മിച്ചം വരുമെന്ന് ഞാൻ പറഞ്ഞത്. പാലക്കാടിനെ സംബന്ധിച്ചിടത്തോളം ശ്രീ. ഷാഫി പറമ്പിൽ പറഞ്ഞതിൽ പിശകുണ്ട്. അതായത് പാലക്കാട് ജില്ലയിൽ ആകെ പ്ലസ് വൺ സീറ്റുകളുടെ എണ്ണം 33097. ആകെ അപേക്ഷകൾ 43010. മറ്റ് ജില്ലയിൽനിന്നുള്ള അപേക്ഷകൾ 5667. ജില്ലയ്ക്കകത്തുള്ള അപേക്ഷകരുടെ എണ്ണം 37343. പ്രവേശനം വരാൻ സാദ്ധ്യതയുണ്ടെന്ന് കണക്ക് കൂട്ടുന്നത് 92 ശതമാനമാണ്. പ്രവേശനം നേടാൻ സാദ്ധ്യതയുള്ള അപേക്ഷകരുടെ എണ്ണം 34356. ഒന്നാം അലോട്ട്മെന്റിന് പ്രവേശനം നേടിയവർ 18531. അലോട്ട്മെന്റ് നൽകിയിട്ടും

പ്രവേശനം നേടാത്തവർ 1628. വൊക്കേഷണൽ ഹയർസെക്കണ്ടറിയിൽ പ്രവേശനം നേടിയവർ 375. പ്രവേശനത്തിനായി ശേഷിക്കുന്നവരുടെ എണ്ണം 13822. ഒന്നാം അലോട്ട്മെന്റിനുശേഷം ലഭ്യമായ സീറ്റുകൾ 14499. പൂർണ്ണമായ അലോട്ടുമെന്റിനുശേഷം പാലക്കാട് ജില്ലയിൽ മിച്ചം വരുന്ന സീറ്റ് 677. (……ബഹളം......)

മി. സ്പീക്കർ: ഇരിക്കൂ....... ഇരിക്കൂ....... മന്ത്രി മറുപടി പറയട്ടെ. (......ബഹളം...)

ശ്രീ. വി. ശിവൻകുട്ടി: സർ മലപ്പുറം ജില്ലയിൽ നിലവിലുള്ള ആകെ സീറ്റുകളുടെ എണ്ണം 61615. ആകെ അപേക്ഷകൾ 77837. മറ്റ് ജില്ലയിൽനിന്നുള്ള അപേക്ഷകരുടെ എണ്ണം 6212. ജില്ലയ്ക്കകത്തുള്ള അപേക്ഷരുടെ എണ്ണം 71625. 98 ശതമാനം പ്രതീക്ഷിച്ചാൽ 65895 പേരാണ് സീറ്റ് നേടാൻ സാദ്ധ്യതയുള്ളവർ. ഒന്നാംഘട്ട അലോട്ട്മെന്റ് പ്രവേശനം 29008. അലോട്ട്മെന്റ് നൽകിയിട്ടും പ്രവേശനം നേടാത്തവർ 1834. വൊക്കേഷണൽ ഹയർസെക്കണ്ടറിയിൽ പ്രവേശനം നേടിയവർ 605. പ്രവേശനത്തിനായി ശേഷിക്കുന്നവരുടെ എണ്ണം 34448. ഒന്നാം

അലോട്ട്മെന്റിനുശേഷം ലഭ്യമായ സീറ്റുകൾ 32658. 1760 സീറ്റിന്റെ കുറവ് മലപ്പുറം ജില്ലയിലുണ്ടാകും. കോഴിക്കോട് ജില്ലയുടെ കാര്യം ബഹുമാനപ്പെട്ട ഷാഫി പറമ്പിൽ പറഞ്ഞതുകൊണ്ടാണ്. പ്ലസ് വൺ സീറ്റുകളുടെ എണ്ണം 40312. ആകെ അപേക്ഷകർ 48606. മറ്റ് ജില്ലയിൽനിന്നുള്ള അപേക്ഷകരുടെ എണ്ണം 3595. ജില്ലയ്ക്കകത്തുള്ള അപേക്ഷരുടെ എണ്ണം 45011. 93 ശതമാനമാണ് അവിടെ കാണുന്നത്. പ്രവേശനം നേടാൻ സാദ്ധ്യതയുള്ളവരുടെ എണ്ണം 41860. ഒന്നാം ഘട്ട അലോട്ട്മെന്റിലെ പ്രവേശനം 20761. അലോട്ട്മെന്റ് നൽകിയിട്ടും പ്രവേശനം നേടാത്തവർ 1102. വൊക്കേഷണൽ ഹയർസെക്കണ്ടറിയിൽ പ്രവേശനം നേടിയവർ 443. പ്രവേശനത്തിനായി ശേഷിക്കുന്നവരുടെ എണ്ണം 19454. ഒന്നാം അലോട്ട്മെന്റിനുശേഷം ലഭ്യമായ ആകെ സീറ്റുകൾ 19038. കോഴിക്കോട് ജില്ലയിൽ 416 സീറ്റിന്റെ കുറവുണ്ട്. വയനാട് ജില്ലയുടെ കാര്യം ഇവിടെ സൂചിപ്പിച്ചു. വയനാട് ജില്ലയിൽ ആകെ പ്ലസ് വൺ സീറ്റുകളുടെ എണ്ണം 10296 ആണ്. ആകെ അപേക്ഷകരുടെ എണ്ണം 12415-ഉം മറ്റ് ജില്ലകളിൽനിന്നുള്ള അപേക്ഷകരുടെ എണ്ണം 103-ഉം ജില്ലയ്ക്കകത്തുള്ള അപേക്ഷകരുടെ എണ്ണം 12312-ഉം ആണ്. തൊണ്ണൂറ്റിയഞ്ച് ശതമാനം

അപേക്ഷകർ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കാം. അങ്ങനെയാണെങ്കിൽ 11696 പേരാണ് പ്രവേശനം നേടാൻ സാധ്യതയുള്ളവർ. ഒന്നാം അലോട്ട്മെന്റിലെ പ്രവേശനം 6220 ആണ്. അലോട്ട്മെന്റ് നൽകിയിട്ടും പ്രവേശനം നേടാത്തവർ 563-ഉം വൊക്കേഷണൽ ഹയർ സെക്കന്ററിയിൽ പ്രവേശനം നേടിയവർ 82-ഉം പ്രവേശനത്തിനായി ശേഷിക്കുന്നവരുടെ എണ്ണം 4931-ഉം ആണ്. മൂന്നാം ഘട്ട അലോട്ട്മെന്റിനുശേഷം ലഭ്യമായ ആകെ സീറ്റുകൾ 4084 ആണ്. അവിടെ 847 സീറ്റുകളുടെ കുറവുണ്ട്.

മി. സ്പീക്കർ: ഇത്രയും കണക്ക് മതിയെന്ന് തോന്നുന്നു.

ശ്രീ. വി. ശിവൻകുട്ടി: സർ, മറ്റ് ജില്ലകളുടെ കണക്കുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.+ രണ്ടാം അലോട്ട്മെന്റും സ്പോട്ട് അഡ്മിഷനോടുംകൂടി അപേക്ഷ നൽകിയ എല്ലാ വിദ്യാർത്ഥികൾക്കും പ്രവേശനം കൊടുക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇപ്രാവശ്യം പാലക്കാട് മുതൽ കാസർഗോഡ് വരെയുള്ള ജില്ലകളിൽ ഇരുപത് ശതമാനം സീറ്റ് വർദ്ധിപ്പിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലും വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഞാൻ നേരത്തേ സൂചിപ്പിച്ചതുപോലുള്ള മിച്ചം സീറ്റുകളുംകൂടി പരിഗണിച്ചുകൊണ്ട്,

+ അനുബന്ധമായി ചേർക്കുന്നു.

അപേക്ഷിച്ച മുഴുവൻ വിദ്യാർത്ഥികൾക്കും പ്രവേശനം നൽകാൻ കഴിയുമെന്നുള്ളതുതന്നെയാണ് ഗവൺമെന്റ് നിലപാട്. ഇത് അടിയന്തരപ്രാധാന്യമുള്ള ഒരു പ്രശ്നമല്ല. സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ഒരു ആവശ്യവുമില്ല എന്നുള്ള കാര്യം ഇവിടെ സൂചിപ്പിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, കുട്ടികൾ ഉറക്കമിളച്ചിരുന്ന് പഠിക്കുമ്പോൾ ഉറക്കം വരാതിരിക്കാൻവേണ്ടി ബക്കറ്റിൽ വെള്ളം നിറച്ചുവച്ച് അതിൽ കാൽ താഴ്ത്തിവയ്ക്കും. തൊട്ടപ്പുറത്ത് മറ്റൊരു ബക്കറ്റിൽ വെള്ളം നിറച്ചുവച്ച് ഉറക്കം വരാതിരിക്കാൻ അമ്മയും കാൽ താഴ്ത്തിയിരിക്കുകയാണ്. കുട്ടികൾ ഉറങ്ങുമ്പോൾ മാത്രം ഉറങ്ങുകയും അവർ ഉണരുമ്പോൾ കൂടെ ഉണരാൻ ശ്രദ്ധിക്കുകയും ചെയ്യുന്ന അമ്മമാരുടെ നാടാണ് കേരളം. കേരളത്തിലെ മാതാപിതാക്കളുടെ ഫസ്റ്റ് പ്രയോറിറ്റി കുട്ടികളുടെ

വിദ്യാഭ്യാസമാണ്. ഇന്ന് കേരളത്തിൽ പ്ലസ് വൺ പ്രവേശനം ആഗ്രഹിക്കുന്ന രണ്ട് ലക്ഷത്തോളം വരുന്ന കുട്ടികളുടെയും അവരുടെ മാതാപിതാക്കളുടെയും ഉത്കണ്ഠയാണ് ഞങ്ങൾ ഈ സഭയിൽ ഉന്നയിക്കാൻ ശ്രമിക്കുന്നത്. കഴിഞ്ഞ 03.08.2021-ൽ ഞങ്ങൾ സഭയിൽ ഈ വിഷയം കൊണ്ടുവന്നപ്പോൾ മലബാറിലെ ആറ് ജില്ലകളിലെ സീറ്റുകളുടെ എണ്ണക്കുറവാണ് പ്രധാനമായും ഫോക്കസ് ചെയ്തതെങ്കിൽ ഇന്ന് ഇവിടെ പ്ലസ് വൺ അഡ്മിഷൻ നടക്കുന്ന സമയത്ത് മലബാറിലെ ആറ് ജില്ലകളിൽ രൂക്ഷമായി ആ പ്രശ്നം തുടരുമ്പോൾത്തന്നെ തെക്കൻ ജില്ലകളിലും എല്ലാ വിഷയങ്ങൾക്കും എ പ്ലസ് കിട്ടിയ കുട്ടികൾക്കുപോലും അവർ ആഗ്രഹിക്കുന്ന വിഷയത്തിലും സ്കൂളിലും അഡ്മിഷൻ കിട്ടാത്ത പ്രശ്നങ്ങൾ വളരെ ഗൗരവതരമായി തുടരുകയാണ്. എല്ലാ സ്ഥലത്തും പ്രശ്നമാണ്. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞ കണക്കുകൾക്ക് ഒരു പ്രസക്തിയുമില്ല. അദ്ദേഹം പറഞ്ഞ കണക്കുകളനുസരിച്ച്, ഈ കുട്ടികൾ അഡ്മിഷൻ കിട്ടാതെ പരാതി പറയുന്നതും ഇഷ്ടമുള്ള വിഷയം കിട്ടിയില്ല, ഇഷ്ടമുള്ള സ്കൂൾ കിട്ടിയില്ല, ഫസ്റ്റ് അലോട്ട്മെന്റിൽ അഡ്മിഷൻ കിട്ടിയില്ല, സെക്കന്റ് അലോട്ട്മെന്റിൽ കിട്ടാൻ സാധ്യതയില്ല എന്നൊക്കെ

പറയുന്നതുമെല്ലാം കളവായി പരിഗണിക്കേണ്ടിവരും. നിങ്ങളെല്ലാവരും ആലോചിക്കണം. നമ്മുടെയെല്ലാം ഓഫീസുകളിൽ ഈ കുഞ്ഞുങ്ങളും മാതാപിതാക്കളും വന്ന് കരയുകയാണെന്നത് ഇവിടെ വിഷയം അവതരിപ്പിച്ച ശ്രീ. ഷാഫി പറമ്പിൽ സൂചിപ്പിച്ചു. അഡ്മിഷൻ കിട്ടാതെ അവർ വിഷമിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ കണക്കനുസരിച്ച് കേരളത്തിൽ എക്സസ് സീറ്റുകളാണുള്ളത്. തമിഴ്നാട്ടിൽനിന്നും കർണാടകത്തിൽനിന്നും കുട്ടികളെ ഇവിടെ പ്ലസ് വണ്ണിൽ ചേർക്കാം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, തമിഴ്നാടും കർണാടകവും എസ്.എസ്.എൽ.സി. പരീക്ഷ നടത്താത്തതുകൊണ്ട് ഹയർ സെക്കൻഡറിയിൽ ചേർക്കാൻ പറ്റില്ല.

ശ്രീ. വി. ഡി. സതീശൻ: സർ, ഇവിടെ ഇങ്ങനെയാണ് ബഹുമാനപ്പെട്ട പൊതുവിഭ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി മറുപടി പറയുന്നതെങ്കിൽ വളരെ നന്നായിരിക്കും. ഇതാണ് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ നിലപാട്. കേരളത്തിൽ എസ്.എസ്.എൽ.സി. പാസ്സായ കുട്ടികൾ മാത്രമല്ല ഇവിടെ പ്ലസ് വണ്ണിൽ ചേരുന്നത്. അവിടെയൊന്നും പ്ലസ് വൺ ഇല്ലെന്നാണ് പറയുന്നത്.

തമിഴ്നാട്ടിലും കർണാടകത്തിലും പ്ലസ് വണ്ണിന് ആരും ചേരുന്നില്ല എന്ന് കേരളത്തിലെ പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി ഈ നിയമസഭയിൽ എഴുന്നേറ്റുനിന്ന് പറഞ്ഞാൽ അങ്ങയെ പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിയാക്കിയ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് എനിക്കൊരു പ്രണാമം എന്നുമാത്രമേ പറയാൻ പറ്റുകയുള്ളൂ. അങ്ങയെ പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിയാക്കിയ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഒരു സലാം കൊടുക്കാം. .....(ബഹളം.....).... ഞാൻ വഴങ്ങുന്നില്ല. ഇതുപോലത്തെ ചോദ്യങ്ങൾ ചോദിക്കാനാണെങ്കിൽ ഞാൻ വഴങ്ങുന്നില്ല.

മി. സ്പീക്കർ: അദ്ദേഹത്തെക്കുറിച്ചുള്ള വ്യക്തിപരമായ പരാമർശം ഉണ്ടായതുകൊണ്ടാണ്. (ബഹളം.....) അങ്ങ് അദ്ദേഹത്തെക്കുറിച്ച് വ്യക്തിപരമായ ഒരു പരാമർശം നടത്തിയതിനെക്കുറിച്ചാണ് അദ്ദേഹം പറയുന്നത്.

ശ്രീ. വി. ഡി. സതീശൻ: സർ, അതിന് ഞാൻ വഴങ്ങണ്ടേ. (ബഹളം.....)

മി. സ്പീക്കർ: ഇരിക്കൂ. അത് പരിശോധിക്കാം.

ശ്രീ. വി. ശിവൻകുട്ടി: സർ, ... (മൈക്ക് ഓഫ്) .....

ശ്രീ. വി. ഡി. സതീശൻ: സർ, അദ്ദേഹം പോയിന്റ് ഓഫ് ഓർഡർ

ഉന്നയിച്ചാൽ അങ്ങേയ്ക്ക് കൊടുക്കാം. ഞാൻ വഴങ്ങുന്നില്ലെന്നാണ് പറഞ്ഞത്.

മി. സ്പീക്കർ: അദ്ദേഹം വഴങ്ങുന്നില്ല. അദ്ദേഹം പറഞ്ഞത് സംബന്ധിച്ചുള്ള ആക്ഷേപം പരിശോധിക്കാം.

ശ്രീ. വി. ഡി. സതീശൻ: സർ, സാധാരണ വാക്കൗട്ട് പ്രസംഗത്തിൽ വഴങ്ങിക്കൊടുക്കാറില്ല. അങ്ങ് അങ്ങനെയൊരു പ്രീസിഡന്റ് ഉണ്ടാക്കിയാൽ ഞാൻ വഴങ്ങിക്കൊടുക്കാം.

ശ്രീ. വി. ശിവൻകുട്ടി: സർ, അദ്ദേഹം ഇത്രയും രോഷാകുലനാകേണ്ട ഒരു കാര്യവുമില്ല. അദ്ദേഹത്തിനെതിരായി ഒരു ചെറിയ വിമർശനമെങ്കിലും ആരെങ്കിലും പറഞ്ഞാൽ ഇത്രയും ബഹളമുണ്ടാക്കേണ്ട ഒരു കാര്യവുമില്ല. ഞാൻ പറഞ്ഞത് സത്യസന്ധമായ കാര്യമല്ലേ. ഇന്ത്യാ രാജ്യത്ത് ബോർഡ് പരീക്ഷ നടത്തിയ ഏക സംസ്ഥാനം ഈ കേരളം മാത്രമാണ്. അതുകൊണ്ട് തമിഴ്നാട്ടിൽനിന്ന് എസ്.എസ്.എൽ.സി.-ക്ക് 'all promotion' സർട്ടിഫിക്കറ്റുമായി നിരവധി കുട്ടികൾ നമ്മളെ സമീപിക്കുന്നുണ്ട്. അതുപോലെ കർണാടകത്തിൽനിന്നും ലക്ഷദ്വീപിൽനിന്നും സമീപിക്കുന്നുണ്ട്. അവരെല്ലാം all promotion ആയതുകൊണ്ട് ഇവിടത്തെ ഏകജാലക പ്രവേശനത്തിന്

അപേക്ഷ കൊടുക്കാൻ കഴിയില്ല എന്നുള്ള കാര്യമാണ് ഞാൻ പറഞ്ഞത്. അദ്ദേഹത്തെ പ്രതിപക്ഷ നേതാവാക്കിയത് ആരാണെന്നതിനെ സംബന്ധിച്ചൊന്നും ഞാനൊന്നും പറഞ്ഞില്ലല്ലോ.

ശ്രീ. വി. ഡി. സതീശൻ: സർ, ഇവിടെ സി.ബി.എസ്.ഇ.-യിലും ഐ.സി.എസ്.ഇ.-യിലും പരീക്ഷകൾ നടന്നിട്ടില്ല. ഇന്നത്തെ മഹാമാരിയുടെ പശ്ചാത്തലത്തിൽ ആ പരീക്ഷകൾ നടത്താതെ റിസൾട്ട് പബ്ലിഷ് ചെയ്യുകയാണ്. ആ കുട്ടികൾകൂടി കേരളത്തിൽ പ്ലസ് വണ്ണിന് ചേരാൻ വരികയാണ്. മറ്റ് സംസ്ഥാനങ്ങളിൽനിന്നുള്ള കുട്ടികളും സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. പരീക്ഷകൾ പാസ്സായ കുട്ടികളും ട്രാൻസ്ഫറായി വരുന്ന ഉദ്യോഗസ്ഥരുടെ മക്കളുമെല്ലാം ഇവിടത്തെ പ്ലസ് വണ്ണിൽ ചേരും. സി.ബി.എസ്.ഇ.-യിൽനിന്ന് കഴിഞ്ഞ പ്രാവശ്യം 37000 കുട്ടികൾ ചേർന്നിട്ടുണ്ട്. ഈ പ്രാവശ്യവും പരീക്ഷ നടത്തിയാലും ഇല്ലെങ്കിലും അവരുടെ റിസൾട്ട് പബ്ലിഷ് ചെയ്യുതുകൊണ്ട് സി.ബി.എസ്.ഇ.-യിലെയും ഐ.സി.എസ്.ഇ.-യിലെയും കുട്ടികളെ ഇവിടെ ചേർക്കണം. തമിഴ്നാട്ടിൽനിന്നോ കർണാടകത്തിൽനിന്നോ ഡൽഹിയിൽനിന്നോ

വന്നാലും ആ കുട്ടികളെ ഇവിടെ ചേർക്കണം. ഇവിടെ ചേർക്കാതിരിക്കാൻ പറ്റില്ല. മറുപടി പറയുമ്പോൾ ബഹുമാനപ്പെട്ട മന്ത്രി അതെല്ലാം മനസ്സിലാക്കണം. ടോട്ടൽ ആപ്ലിക്കന്റ്സ് 465219-ഉം ഇതുവരെ അലോട്ട് ചെയ്ത സീറ്റുകൾ 218000-ഉം ആണ്. 52000 മെറിറ്റ് സീറ്റുകൾ മാത്രമാണ് ഇനിയുള്ളത്. ഇവിടെ ഒന്നര ലക്ഷം മുതൽ രണ്ട് ലക്ഷം വരെ കുട്ടികൾക്ക് അഡ്മിഷനുമായി ബന്ധപ്പെട്ട് അനിശ്ചിതത്വമാണ്. മന്ത്രി എന്നുള്ള നിലയിൽ അദ്ദേഹത്തിന് സ്റ്റേറ്റ് യൂണിറ്റായി മാത്രമേ പറയാൻ കഴിയുകയുള്ളൂ എന്നാണ് മന്ത്രി ഇപ്പോഴും സംസാരിക്കുന്നത്. സ്റ്റേറ്റ് യൂണിറ്റായി പറഞ്ഞാൽ ഓരോ താലൂക്കിലെയും അഡ്മിഷൻ കിട്ടാത്ത കുട്ടികൾ എവിടെ പോയി പഠിക്കും. ജില്ലയുടെ അങ്ങേ അതിർത്തിയിൽ പോയി പഠിക്കുമോ? അവർക്ക് ആ താലൂക്കിലും ആ ജില്ലയിലും അഡ്മിഷൻ കിട്ടുന്നില്ല. മറ്റ് ജില്ലകളിൽനിന്നുള്ള കുട്ടികൾ അപേക്ഷ കൊടുക്കുന്നത് എങ്ങനെയാണ്. ഇവിടെ മെഡിക്കൽ/എഞ്ചിനീയറിംഗ് എൻട്രൻസിന് വിദ്യാഭ്യാസ സ്ഥാപനങ്ങളുള്ള ചില ജില്ലകളുണ്ട്. കോട്ടയം ജില്ലയിലെ പാല, തൃശ്ശൂർ ജില്ല, തിരുവനന്തപുരം ജില്ല തുടങ്ങിയ സ്ഥലങ്ങളിൽ എൻട്രൻസ് കോച്ചിംഗിനായി മികച്ച സ്ഥാപനങ്ങളുള്ളതുകൊണ്ട് മറ്റ്

ജില്ലകളിൽനിന്ന് കുട്ടികൾ ഇവിടെവന്ന് ആപ്ലിക്കേഷൻ കൊടുക്കുകയാണ്. മറുപടി പറയുമ്പോൾ അങ്ങ് ഇതൊക്കെ മനസ്സിലാക്കണ്ടേ. അല്ലാതെ കുട്ടികൾ വേറെ ജില്ലകളിൽ അപേക്ഷ കൊടുക്കുന്നതല്ല. മെഡിക്കൽ/എഞ്ചിനീയറിംഗ് എൻട്രൻസിന് പ്രധാനപ്പെട്ട സ്ഥാപനങ്ങളിൽ ചേരാൻവേണ്ടിയാണ് കുട്ടികൾ ഇങ്ങനെ അപേക്ഷ കൊടുക്കുന്നത്. എല്ലാ ജില്ലകളിലും ഈ പ്രശ്നമുണ്ട്. ഗുരുതരമായ പ്രശ്നം മലബാർ മേഖലകളിലെ ജില്ലകളിലാണ്. കോട്ടയം ജില്ലയിലും തിരുവനന്തപുരം ജില്ലയിലും സീറ്റുകളുടെ പ്രശ്നമുണ്ട്. പല താലൂക്കുകളിലും കുട്ടികൾക്ക് അഡ്മിഷൻ കിട്ടുന്നില്ല. ഞാൻ ചോദിക്കട്ടെ, ആകെ മെരിറ്റ് സീറ്റുകൾ രണ്ട് ലക്ഷത്തി എഴുപത്തി ഒരായിരത്തി ചില്വാനമാണ്. 120000 പേർക്കാണ് എല്ലാത്തിനും എ പ്ലസ് കിട്ടിയത്. അപ്പോൾ 271000 മെരിറ്റ് സീറ്റുണ്ടായിട്ടും എല്ലാത്തിനും എ പ്ലസ് കിട്ടിയ 120000 കുട്ടികൾക്കുപോലും അഡ്മിഷൻ കിട്ടുന്നില്ല എന്നുപറഞ്ഞാൽ എന്താണ് സ്ഥിതി? അവർക്ക് അഡ്മിഷൻ കിട്ടണ്ടേ? അങ്ങ് പറഞ്ഞ കണക്കനുസരിച്ച് 271000 മെരിറ്റ് സീറ്റുണ്ട്, എല്ലാത്തിനും എ പ്ലസ് കിട്ടിയ 120000 കുട്ടികൾക്ക് ആദ്യം അഡ്മിഷൻ കൊടുത്താൽ ബാക്കി 150000 സീറ്റുണ്ടല്ലോ? അതാണ് ഇവിടെ ഈ

വിഷയം അവതരിപ്പിച്ച ശ്രീ. ഷാഫി പറമ്പിൽ പറഞ്ഞത്.

ശാസ്ത്രീയമായിട്ടാണ് ഈ വിഷയത്തെ സമീപിക്കേണ്ടത്. നിയമസഭാ സമ്മേളനം വളരെ പ്രതീക്ഷയോടുകൂടിയാണ് മാതാപിതാക്കൾ കാത്തിരിക്കുന്നത്. പ്ലസ് വൺ അഡ്മിഷനിലുള്ള സങ്കീർണ്ണതകൾ പരിഹരിക്കാനുള്ള ഗവൺമെന്റിന്റെ സുപ്രധാനമായ തീരുമാനം ഇവിടെ ഉണ്ടാകും എന്നാണ് മാതാപിതാക്കൾ പ്രതീക്ഷിക്കുന്നത്. അവിടെയാണ് അങ്ങ് ഇതുപോലെ എല്ലാവരെയും നിരാശപ്പെടുത്തുന്ന, പ്രയാസപ്പെടുത്തുന്ന മറുപടി പറയുന്നത്. വിദ്യാഭ്യാസ വകുപ്പുമന്ത്രി എന്നുള്ള നിലയിൽ നിങ്ങൾ ഈ കുട്ടികളുടെ കണ്ണീരും അവരുടെ വിഷമങ്ങളും കാണണ്ടേ? എല്ലാത്തിനും എ പ്ലസ് വാങ്ങിയിട്ടുപോലും സയൻസിൽ ചേരണമെന്ന് ആഗ്രഹിക്കുമ്പോൾ ഹ്യൂമാനിറ്റീസിന് അഡ്മിഷൻ കിട്ടുന്നു. ആ കുട്ടിയുടെ സ്വപ്നമാണ് സയൻസോ കൊമേഴ്സോ എടുക്കുക എന്നുള്ളത്. ഇഷ്ടമില്ലാത്ത വിഷയം ദൂരെയുള്ള സ്കൂളുകളിൽപ്പോയി എത്ര കുട്ടികൾക്ക് പഠിക്കാൻ സാധിക്കും? അങ്ങ് അത് മനസ്സിലാക്കണം. അതുപോലെ മാനേജ്മെന്റ് സീറ്റുകളിൽ നടക്കുന്നതെന്താണ്? എല്ലാ വിഷയത്തിനും എ പ്ലസ് ഉള്ളവർക്ക് മെരിറ്റ് സീറ്റുകളിൽ അഡ്മിഷൻ

കിട്ടാതെ വന്നപ്പോൾ, എല്ലായിടത്തും എന്ന് ഞാൻ പറയുന്നില്ല, കേരളത്തിൽ പല സ്കൂളുകളിലും മാനേജ്മെന്റ് സീറ്റുകളിൽ കൊള്ളയാണ് നടക്കുന്നത്. രണ്ട് ലക്ഷവും മൂന്ന് ലക്ഷവുമാക്കി ഒരു പ്ലസ് വൺ സീറ്റിന്റെ വില വർദ്ധിപ്പിച്ചിരിക്കുകയാണ്. മെരിറ്റിൽ സീറ്റില്ലാത്തതുകൊണ്ടാണ് മാനേജ്മെന്റിനെ ആശ്രയിക്കേണ്ടിവരുന്നത്. അത്തരത്തിൽ പണമുള്ളവർ മാത്രം പഠിച്ചാൽ മതിയോ? അതാണോ നിങ്ങളുടെ സമീപനം. കഴിഞ്ഞ തവണ പത്ത് ശതമാനം സീറ്റ് വർദ്ധിപ്പിച്ചപ്പോൾ 50 പേർക്ക് ഇരിക്കാവുന്ന ഒരു ക്ലാസ്സ് മുറിയിൽ 60 പേർ ഇരിക്കാൻ പാടില്ലെന്നും മഹാമാരിയായതുകൊണ്ട് കഴിഞ്ഞ പ്രാവശ്യം അതിൽ ഇടപെടുന്നില്ലെന്നും ഹൈക്കോടതി പറഞ്ഞിരുന്നു. മാത്രമല്ല അടുത്ത വർഷം അതായത് ഈ അദ്ധ്യയന വർഷം തുടങ്ങുന്നതിനുമുൻപ് വിദ്യാഭ്യാസ വകുപ്പ് ഉചിതമായ നടപടി സ്വീകരിക്കണമെന്നും ഹൈക്കോടതി ആവശ്യപ്പെട്ടിരുന്നു. അങ്ങയോട് ഞാൻ ചോദിക്കുകയാണ്, ഹൈക്കോടതി ആവശ്യപ്പെട്ടിട്ട് എന്ത് നടപടിയാണ് വിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ചത്? നാളെ ഒരാൾ കോടതിയിൽപ്പോയി ഒ.പി.(ഒറിജിനൽ പെറ്റീഷൻ) കൊടുത്താൽ പഴയ റിട്ട് പെറ്റീഷനിൽ ഈ ഗവൺമെന്റിന് കൊടുത്ത ഡയറക്ഷൻ

നിലനിൽക്കുകയാണ്. അപ്പോൾ വേണമെങ്കിൽ ഈ സീറ്റ് വർദ്ധനവ് റദ്ദാക്കാം. മാത്രമല്ല, സാമൂഹിക അകലം പാലിച്ച് ക്ലാസ്സുകൾ തുടങ്ങേണ്ട സമയത്ത് 50 പേർ ഇരിക്കേണ്ട സ്ഥലത്ത് 60 പേർക്ക് ഇരിക്കാവുന്ന സൗകര്യം ഉണ്ടാക്കിക്കൊടുക്കുകയാണോ? എന്താണ് നിങ്ങൾ ഉദ്ദേശിക്കുന്നത്? അങ്ങയുടെ ഒരു പ്രസ്താവന കണ്ടു, 'അൺ എയ്ഡഡ് സ്കൂളുകളുടെ സീറ്റ് വർദ്ധിപ്പിച്ചുകൊടുക്കും' എന്ന്. അൺ എയ്ഡഡ് സ്കൂളിന് അനുമതി കൊടുക്കില്ല എന്നുപറഞ്ഞുകൊണ്ടാണ് അങ്ങ് ആദ്യമായി ഇവിടെ മുഖ്യമന്ത്രിയായത്. പൊതുവിദ്യാഭ്യാസ യജ്ഞം നടത്തി പൊതുവിദ്യാഭ്യാസ മേഖലയെ ശക്തിപ്പെടുത്തുക എന്നതുകൊണ്ട് അൺ എയ്ഡഡിന് പുതിയ എൻ.ഒ.സി. പോലും കൊടുത്തിട്ടില്ലായിരുന്നു. പിന്നീട് അവരെല്ലാം കോടതിയിൽപോയാണ് അത് വാങ്ങിയത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടാണ് എനിക്ക് പറയാനുള്ളത്, ഇപ്പോൾ അങ്ങയുടെ വിദ്യാഭ്യാസ വകുപ്പുമന്ത്രി പറയുകയാണ് അൺ എയ്ഡഡിന് സീറ്റ് വർദ്ധിപ്പിച്ചുകൊടുക്കുമെന്ന്. ഇത് പൊതുവിദ്യാഭ്യാസ യജ്ഞത്തെ സഹായിക്കാനാണോ? ഇതാണോ പൊതുവിദ്യാഭ്യാസ യജ്ഞം? അൺ എയ്ഡഡ് സീറ്റിന് പല സ്കൂളുകളിലും വാങ്ങിക്കുന്ന തുക

എത്രയാണെന്നുള്ളത് കേരളത്തിലെ വിദ്യാഭ്യാസ മന്ത്രിയായ അങ്ങ് അറിഞ്ഞിരിക്കണം എന്നാണ് എന്റെ അഭ്യർത്ഥന. അൺ എയ്ഡഡിൽ പോകാനും പണമുള്ളവർ മാത്രം പഠിച്ചാൽ മതിയെന്നുമാണ് പറയുന്നത്. നിവൃത്തിയില്ലാത്തവന്റെ കാര്യമാണ് ഞങ്ങൾ ഇവിടെ ഉന്നയിക്കുന്നത്. അൺ എയ്ഡഡിൽ പഠിക്കാൻ അല്ലെങ്കിൽ മാനേജ്മെന്റിൽ കോഴ കൊടുത്ത് പഠിക്കാൻ നിവൃത്തിയില്ലാത്ത പാവപ്പെട്ട കുടുംബങ്ങളിൽ നിന്നുവരുന്ന കുട്ടികളുടെ കാര്യമാണ് ഞങ്ങൾ ഇവിടെ ഉന്നയിക്കുന്നത്. ഇതൊന്നും ഒരു മറുപടിയല്ല. ഇവിടെ എന്തെല്ലാം അഷ്വറൻസാണ് തന്നത്. കഴിഞ്ഞ പ്രാവശ്യം ഞങ്ങളിത് കൊണ്ടുവന്നപ്പോൾ ബഹുമാനപ്പെട്ട മന്ത്രി സഭയ്ക്ക് തന്ന അഷ്വറൻസാണ് 'കുട്ടികളുടെ ഉപരിപഠനത്തിനുള്ള അപേക്ഷയുടെ അടിസ്ഥാനത്തിൽ അത് പരിശോധിച്ചശേഷം ഏതെങ്കിലും പ്രദേശത്ത് കുറവുണ്ടെങ്കിൽ ആ പ്രദേശത്തെ എം.എൽ.എ.മാരുമായി ആലോചിച്ചുകൊണ്ട് ഉപരിപഠനത്തിന് ആഗ്രഹിക്കുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും അതിനുള്ള സൗകര്യം ഒരുക്കുന്നതാണെന്ന് ഞാൻ ഉറപ്പുനൽകുയാണ്' എന്ന്. ഏത് എം.എ.എ.യുമായാണ് അങ്ങ് ആലോചിച്ചത്? 'സി.ബി.എസ്.ഇ.യുടെയും

ഐ.സി.എസ്.ഇ.യുടെയും പ്രശ്നം വരുന്ന അവസരത്തിൽ ഒന്നാമത്തേയും രണ്ടാമത്തേയും അലോട്ട്മെന്റ് നടത്തിയശേഷം പരിശോധിക്കാം. എന്തെങ്കിലും കുറവുണ്ടെങ്കിൽ അതുംകൂടി പരിഗണിച്ചുകൊണ്ട് പരിശോധിക്കുന്നതിൽ തെറ്റില്ല. മലപ്പുറം അടക്കമുള്ള ജില്ലകളിൽ വരുന്ന കുറവുകൾ പരിശോധിക്കുകയും ഉപരിപഠനത്തിന് അപേക്ഷ നൽകിയിട്ടുള്ള മുഴുവൻ വിദ്യാർത്ഥികൾക്കും ഉപരിപഠനം ഉറപ്പുവരുത്തുന്നതിനുവേണ്ടിയുള്ള ക്രമീകരണങ്ങൾ ചെയ്യാൻ ഗവൺമെന്റ് സന്നദ്ധമാണ്. അതിന്റെയടിസ്ഥാനത്തിൽ ഒരു വിദ്യാർത്ഥിക്കുപോലും ഉപരിപഠനത്തിനുള്ള അവസരം കിട്ടില്ലെന്നുള്ള ആശങ്കയും വേണ്ട.' ഇതെല്ലാം അങ്ങ് സഭയിൽ പറഞ്ഞതാണ്. 'വേണമെങ്കിൽ പ്രതിപക്ഷ നേതാവിനെയും പ്രതിപക്ഷ ഉപനേതാവിനെയും വിളിച്ച് ചർച്ചകൾ നടത്താം. വേണമെങ്കിൽ പ്രതിപക്ഷ നേതാവിന്റെ ഓഫീസിലേയ്ക്കും വരാം.' അത്ര വിനായാന്വിതനായി കഴിഞ്ഞ സഭയിൽ അങ്ങ് പറഞ്ഞതാണ്. എന്നിട്ട് സ്ഥിതിയെന്താണ്? അങ്ങ് ഈ വിഷയം അവതരിപ്പിക്കുന്നതിനേക്കാൾ ഗുരുതരമാണ് ഇപ്പോഴത്തെ പ്രശ്നം. ഈ കണക്കുകളൊക്കെ അങ്ങ് ഒന്നുകൂടി വായിച്ചുനോക്കണം. ജില്ലകളിലെ സഹപ്രവർത്തകരുമായി, അങ്ങയുടെ കൂടെ

ഇരിക്കുന്ന എം.എൽ.എ.മാരുമായി അവരുടെ നിയോജകമണ്ഡലങ്ങളിലെ സ്ഥിതിയെന്താണെന്നുള്ളത് ചോദിക്കണം. ഞങ്ങളോട് വേണ്ട, ഭരണകക്ഷി എം.എൽ.എ.മാരോടായി ചോദിച്ചാൽ മതി. ഇവിടെ ഈ വിഷയം ശ്രദ്ധക്ഷണിക്കലായി കൊണ്ടുവരുന്ന ശ്രീമതി കെ. കെ. ശൈലജ ടീച്ചറോട് ചോദിച്ചാലും മതി. എല്ലാ താലൂക്കുകളിലും ഗുരുതരമായ പ്രശ്നമാണുള്ളത്. അങ്ങയുടെ മുന്നിലടക്കം കുട്ടികൾ വരുന്നുണ്ട്, അവർക്ക് അഡ്മിഷൻ കിട്ടുന്നില്ല എന്നുള്ളത് ഗൗരവതരമായ പ്രശ്നമാണ്. സംസ്ഥാനത്തെ മൊത്തം സീറ്റുകളുടെ എണ്ണം വച്ചുകൊണ്ട് എല്ലാം ശരിയായിവരുമ്പോൾ കിട്ടും എന്നുള്ള അപ്രോച്ച് കാരണം കഴിഞ്ഞ പ്രാവശ്യം ധാരാളം കുട്ടികൾ ഓപ്പൺ സ്കൂളുകളിലേയ്ക്ക് പോയി. ഇപ്രാവശ്യം ഓപ്പൺ സ്കൂളുകളിലേയ്ക്ക് പോകുന്ന കുട്ടികളുടെ എണ്ണം കഴിഞ്ഞ പ്രാവശ്യത്തേക്കാൾ മൂന്നിരട്ടിയാകും. അപ്പോൾ നിങ്ങൾ ഉദ്ദേശിക്കുന്നത് അതാണോ? എസ്.എസ്.എൽ.സി., സി.ബി.എസ്.ഇ. പത്താം ക്ലാസ്സ് പാസ്സായ കേരളത്തിലെ കുട്ടികളെ മുഴുവൻ ഇനി പൊതുവിദ്യാഭ്യാസ ധാരയിൽ നിർത്താതെ ഓപ്പൺ സ്കൂളുകളിലേയ്ക്ക് പ്രൈവറ്റ് രജിസ്ട്രേഷന് പറഞ്ഞുവിടുക എന്നതാണ് ഈ സർക്കാരിന്റെ നയമെങ്കിൽ നിങ്ങൾ ആ

നയമൊന്ന് പ്രഖ്യാപിക്കണം. ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്, ഇത് ഒരു വാശിയുടെ പ്രശ്നമല്ല, അങ്ങ് ഇതിനകത്ത് ഇടപെടണം. ഇവിടെ വിദ്യാഭ്യാസ വകുപ്പുമന്ത്രി അവതരിപ്പിച്ച കണക്കുകളും യാഥാർത്ഥ്യവുമായി ഒരു പുലബന്ധവുമില്ല. അങ്ങ് ഈ കാര്യത്തിൽ ഇടപെട്ട് നടപടികൾ സ്വീകരിക്കണമെന്ന് ഈ കുട്ടികൾക്കുവേണ്ടി ഞങ്ങൾ അഭ്യർത്ഥിക്കുകയാണ്. എന്തെല്ലാം കണക്കുകൾ ഞങ്ങൾ നിരത്തിയിട്ടും ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ഒരു കണക്ക് പറഞ്ഞിട്ട് അതാണ് ശരിയെന്ന് പറഞ്ഞ്, അത് സമ്മതിക്കാതിരിക്കുന്ന നിഷേധാത്മകമായ ഈ നിലപാടിലും കേരളത്തിലെ കുട്ടികളുടെ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട ഏറ്റവും ഗുരുതരമായ പ്രതിസന്ധി സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിലും പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. ഡി. സതീശനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, ഈയൊരു വിഷയത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വിദ്യാഭ്യാസ വകുപ്പുമന്ത്രിയും അതുപോലെ

ഗവൺമെന്റ്തന്നെയും ഇപ്പോൾ സ്വീകരിച്ചിരിക്കുന്ന നിലപാട് പുനഃപരിശോധിക്കണം എന്നാണ് മറ്റ് അംഗങ്ങളോടൊപ്പം എനിക്കും പറയാനുള്ളത്. കാരണമെന്തെന്നാൽ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നാലഞ്ച് വർഷം പുതിയ ബാച്ച് കൊടുക്കുകയുണ്ടായില്ല എന്നാണ് എന്റെ ഓർമ്മ. ഇപ്പോൾ ഗവൺമെന്റ് സ്കൂളിലും മറ്റ് സ്കൂളുകളിലും ബാച്ച് കുമിഞ്ഞുകൂടി. കേരളത്തിന്റെ പ്രത്യേകതയനുസരിച്ച് പുതിയ ബാച്ച് കൊടുക്കാതിരുന്നാൽ അത് വളരെ ഗൗരവമുള്ള പ്രശ്നമാകും. ഇവിടെ ചോദ്യോത്തരവേളയിൽ, നമ്മുടെ സഹോദരിമാർ സമൂഹത്തിൽ മുന്നോട്ട് വന്ന, അതിൽ കേരളം അഭിമാനംകൊള്ളുന്ന കാര്യങ്ങളൊക്കെ പറയുകയുണ്ടായി. എനിക്ക് അവസരം കിട്ടിയില്ല, കിട്ടിയിരുന്നെങ്കിൽ പറയാമായിരുന്നു. മുന്നോട്ട് വന്നതിന്റെ പ്രധാന കാരണം വിദ്യാഭ്യാസമാണ്. ഇപ്പോൾ കോവിഡ് കാലത്ത് അല്ലെങ്കിൽതന്നെ കുട്ടികൾക്ക് കഴിഞ്ഞ കാലങ്ങളിലെപ്പോലെ വിദ്യാഭ്യാസം ലഭിച്ചിട്ടില്ല. വിദ്യാഭ്യാസം റെയിൽ തെറ്റിയപോലെയാണ്. അത് ആരുടെയും കുറ്റമല്ല. ആ ഒരു അവസരത്തിൽ ഇപ്പോൾ സ്കൂളിൽ അഡ്മിഷൻകൂടി കിട്ടുന്നില്ല എന്നുപറഞ്ഞാൽ ഈ വിദ്യാഭ്യാസ പുരോഗതി എങ്ങോട്ടാണ് പോകുന്നത്?

ബഹുമാന്യനായ വിദ്യാഭ്യാസവകുപ്പുമന്ത്രി കഴിഞ്ഞപ്രാവശ്യം ഇവിടെ അത് ഉൾക്കൊണ്ടിട്ടാണ് സംസാരിച്ചത്. അതാണ് പ്രതിപക്ഷനേതാവ് പറഞ്ഞത്. ഇതിനൊരു തീരുമാനമുണ്ടാകുമെന്നും പറഞ്ഞിരുന്നു. ഞങ്ങൾ മുഖ്യമന്ത്രിയോടും സംസാരിച്ചിരുന്നതാണ്. പക്ഷെ സാമ്പത്തിക ചെലവിന്റെ ഒറ്റ കാരണത്താൽ ഈയൊരു കാര്യം ഇങ്ങനെ നീട്ടിക്കൊണ്ടുപോയാൽ യാഥാർത്ഥ്യം എന്താണ്? ഏട്ടിലെ പശു പുല്ല് തിന്നുവോ? ഈ കണക്കുകൾ പറഞ്ഞിട്ട് കാര്യമില്ല. ഞങ്ങളൊക്കെ മന്ത്രിസഭയിലിരുന്ന ആളുകളാണ്. ഞാൻ കുറ്റം പറയുകയല്ല, ഉദ്യോഗസ്ഥർ ഇത്തരത്തിലുള്ള കണക്കുകൾ എഴുതിക്കൊണ്ടുവരും. പക്ഷെ നാട്ടിലെ സ്ഥിതി അല്ലെങ്കിൽ യാഥാർത്ഥ്യം അതല്ല. ജനപ്രതിനിധികൾ പറയട്ടെ, ഇന്നിവിടെ വേറൊരു ശ്രദ്ധക്ഷണിക്കൽ വന്നല്ലോ, പ്രഷറാണ്. ജനപ്രതിനിധികൾ പറയട്ടെ, അവർക്കറിയാമല്ലോ, ആർക്കും അഡ്മിഷൻ കിട്ടാത്ത സ്ഥിതിയാണുള്ളത്. ഒരു നല്ല കോളേജോ സ്കൂളോ ആണെങ്കിലും അവിടെ അഡ്മിഷൻ ഒരു മരീചികയാണ്. അങ്ങോട്ട് നോക്കുകയേ വേണ്ട. ഇങ്ങനെ ഒരു സ്ഥിതി സമൂഹത്തിലുണ്ടാക്കുന്ന പ്രശ്നം, സ്ത്രീ സമത്വമൊക്കെ നമ്മൾ പറയുന്നുണ്ട്. അതിൽ മുന്നോട്ടുവരേണ്ട കാര്യമാണ്. ഏതെങ്കിലും ഒരു

രാഷ്ട്രീയ പാർട്ടിയെ കുറ്റപ്പെടുത്താൻവേണ്ടി നമുക്ക് പറയാം. പക്ഷെ സമൂഹത്തിൽ മൊത്തം ബാധിക്കുന്ന വിദ്യാഭ്യാസ അവസരമില്ലായ്മ ഒരു പ്രതിഭാസമായി കേരളത്തിൽ ഇപ്പോൾ വന്നിരിക്കുകയാണ്. അതാണ് വസ്തുത. കുട്ടികൾ മൊത്തം പുറത്താണ്. വൊക്കേഷണൽ ഹയർ സെക്കൻഡറിയിലോ പാരലൽ കോളേജിലോ പോകാം. അതല്ലെന്നുണ്ടെങ്കിൽ ഓപ്പൺ ആയി പഠിക്കാം, പരീക്ഷ എഴുതാം. ഈ തരത്തിൽ ഉദ്യോഗസ്ഥന്മാർ എഴുതികൊണ്ടുകൊടുക്കുന്ന ഒരു കടലാസോ ഫയലോകൊണ്ട് ഒരു കാര്യവുമില്ല, ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി. അങ്ങ് ഇത് മനസ്സിലാക്കേണ്ട കാര്യമാണ്. ഞാൻ ഇതൊന്ന് പറയട്ടേ. ഇത് അത്രയും ഗൗരവമുള്ള ഒരു വിഷയമാണ്. അങ്ങ് പാലക്കാട് ജില്ലയിൽനിന്നുള്ള ജനപ്രതിനിധിയാണ്. പാലക്കാട് ജില്ലയിലെ പ്രശ്നം ഞാൻ പറഞ്ഞു തരണ്ടല്ലോ. അങ്ങയുടെ നിയോജകമണ്ഡലത്തിലുള്ള പ്രശ്നം ഞാൻ പറഞ്ഞു തരേണ്ട കാര്യമില്ല. ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുണ്ട്. ഈ വിഷയം അടിയന്തരപ്രമേയം കൊണ്ട് അവസാനിപ്പിക്കേണ്ട വിഷയമല്ല. വളരെ ഗൗരവമുള്ളതാണ്. എത്രയോ പ്രോജക്ടുകൾ വേറെയില്ലേ. സാമ്പത്തിക ചെലവുകളില്ലേ. ഇവിടെ ധനകാര്യ

വകുപ്പുമന്ത്രിയുണ്ട്. അതൊക്കെ പുന:പരിശോധിച്ചാലും കുട്ടികളുടെ വിദ്യാഭ്യാസത്തെ സംബന്ധിക്കുന്ന ഈ കാര്യം അടിയന്തരമായി നടത്തിക്കൊടുക്കണം. വിദ്യാഭ്യാസ അവസരമുണ്ടാക്കാനുള്ള നടപടി ഗവൺമെന്റ് എടുക്കണമെന്നതിൽ അനുകൂല മറുപടി പറയാത്തതുകൊണ്ട് ഞങ്ങളും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭയിൽനിന്ന് പുറത്തുപോയി)

ശ്രീ. പി. ജെ. ജോസഫ്: സർ, ഈ പ്രശ്നത്തെ സംബന്ധിച്ച് വിദ്യാഭ്യാസ വകുപ്പുമന്ത്രി കഴിഞ്ഞ തവണ പറഞ്ഞ കാര്യങ്ങൾ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ പറയുകയുണ്ടായി. ആവശ്യമെങ്കിൽ വേണ്ട ക്രമീകരണങ്ങൾ ചെയ്യാമെന്നാണ് അങ്ങ് പറഞ്ഞത്. ആ വാഗ്ദാനമുള്ളതുകൊണ്ടായിരിക്കണം ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ഇവിടെ ശ്രദ്ധക്ഷണിക്കൽ കൊണ്ടുവന്നിട്ടുള്ളത്. അതിലെ വാചകം ഇങ്ങനെയാണ് 'ഉപരിപഠനത്തിന് പ്രവേശനം ലഭിക്കുന്നതിനുള്ള ക്രമീകരണം

നടത്തേണ്ടതിന്റെ ആവശ്യകതയിലേയ്ക്കാണ്" ശ്രദ്ധക്ഷണിക്കൽ കൊണ്ടുവരുന്നത്. ക്രമീകരണം എന്നേ ഞങ്ങളും പറയുന്നുള്ളൂ. സീറ്റിന്റെ കുറവ് മലപ്പുറത്തും കോഴിക്കോട്ടുമുണ്ടെന്ന് അങ്ങ് തന്നെ പറഞ്ഞു.

മി. സ്പീക്കർ: ഇതെല്ലാം പറഞ്ഞ കാര്യങ്ങളാണ്.

ശ്രീ. പി. ജെ. ജോസഫ്: സർ, അങ്ങനെയുള്ള ഒരു പശ്ചാത്തലത്തിൽ കോട്ടയത്ത് സീറ്റ് എക്സസ്സ് ആണെന്ന് പറഞ്ഞാൽ പാലായിൽപോലും കുട്ടികൾക്ക് സീറ്റ് കിട്ടിയില്ല. കാരണം ബ്രില്യന്റ് എന്നൊരു സ്ഥാപനമുള്ളതുകൊണ്ട് എൻട്രൻസ് പരീക്ഷയിൽ ....

മി. സ്പീക്കർ: ബഹുമാന്യനായ പി. ജെ., ഇതെല്ലാം നമ്മൾ പറഞ്ഞ കാര്യങ്ങളാണ്. അങ്ങ് വാക്കൗട്ട് നടത്തുന്നതായി പറയണം.

ശ്രീ. പി. ജെ. ജോസഫ്: സർ, ഇല്ല. ഇത് പറഞ്ഞതല്ല. അവിടെ എക്സസ്സ് സീറ്റ്....

മി. സ്പീക്കർ: നീണ്ട പ്രസംഗങ്ങൾ ബുദ്ധിമുട്ടായിരിക്കും.

ശ്രീ. പി. ജെ. ജോസഫ്: സർ, ഞാൻ രണ്ട് വാചകങ്ങളല്ലേ ആകെ പറയുന്നുള്ളൂ. അവിടെ സീറ്റ് എക്സസ്സ് ഇല്ല. തൊടുപുഴയിലെ കുട്ടികൾ

ദേവികുളത്തും പീരുമേടിലും പോയി പഠിക്കുന്നു. ഈ പശ്ചാത്തലത്തിൽ ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യാൻ വിദ്യാഭ്യാസ മന്ത്രി തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് പി. ജെ. ജോസഫും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭയിൽനിന്ന് പുറത്തുപോയി)

മി. സ്പീക്കർ: പ്രസംഗമല്ല ഇറങ്ങിപ്പോക്ക് പ്രഖ്യാപിക്കാം.

ശ്രീ. അനൂപ് ജേക്കബ്: സർ, ആദ്യത്തെ ട്രയൽ അലോട്ട്മെന്റ് വന്നപ്പോൾതന്നെ അഡ്മിഷനെ സംബന്ധിച്ച് അവ്യക്തതയുണ്ടാകുമെന്നത് വളരെ വ്യക്തമായ കാര്യമാണ്.

മി. സ്പീക്കർ: അത് നമ്മൾ ചർച്ച ചെയ്ത കാര്യമാണ്. പ്രതിപക്ഷ നേതാവിന് തന്ന അത്രയും സമയം എല്ലാവർക്കും തരാനാകില്ല.

ശ്രീ. അനൂപ് ജേക്കബ്: സർ, ഈ വിഷയം പറഞ്ഞ് അവതരിപ്പിച്ച് ഇറങ്ങിപ്പോകാൻ സമ്മതിച്ചാൽ മതി. അതിനും സമ്മതിക്കില്ലെന്നു പറഞ്ഞാൽ എങ്ങനെയാണ്.

മി. സ്പീക്കർ: ഇറങ്ങിപ്പോകുന്നതായി അറിയിക്കാം.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ഞങ്ങളാരും പ്രസംഗിക്കുന്നില്ല. എണീക്കുമ്പോൾ തന്നെ സർ സർ എന്ന് പറഞ്ഞാൽ എങ്ങനെയാണ്. എന്നാൽ അങ്ങ് തന്നെ സംസാരിച്ചോളൂ. (....ബഹളം....)

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ഈ കാണിക്കുന്നത് വളരെ മോശമാണ്. സംസാരിക്കാൻ സമ്മതിക്കാത്തത് ശരിയല്ല.

<u>മി. സ്പീക്കർ</u>: ദീർഘമായ പ്രസംഗം പറ്റില്ലെന്നാണ് പറഞ്ഞത്. അങ്ങ് ഇങ്ങനെ രോഷാകുലനാകേണ്ട കാര്യമില്ല.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, എണീക്കുമ്പോൾ തന്നെ അങ്ങ് ഇങ്ങനെ പറഞ്ഞാൽ എങ്ങനെ പറ്റും. ഞാൻ എണീറ്റപ്പോൾ തന്നെ അങ്ങ് പറയുകയാണ് നിർത്തിക്കോളാൻ. എങ്കിൽ അങ്ങ് തന്നെ സംസാരിച്ചോളൂ. (....ബഹളം....) (....ബഹളം....)

<u>മി. സ്പീക്കർ</u>: സാധാരണ വാക്കൗട്ട് പ്രസംഗത്തിൽ പ്രതിപക്ഷ നേതാവും ഉപനേതാവും സംസാരിച്ചാൽ മറ്റെല്ലാവരും വാക്കൗട്ടിൽ പങ്കെടുക്കുന്നതായി അറിയിക്കുന്നതാണ് പതിവ്. (....ബഹളം....)

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ്

സഭയിൽനിന്ന് പുറത്തുപോയി)

ശ്രീ. മാണി സി. കാപ്പൻ: സർ, (മൈക്ക് ഓഫ്).....

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മാണി സി. കാപ്പൻ സഭയിൽനിന്ന് പുറത്തുപോയി)

ശ്രീമതി കെ. കെ. രമ: സർ, വളരെ ഗൗരവമായ വിഷയം സഭ നിർത്തി വച്ച് ചർച്ച ചെയ്യണമെന്നും അതോടൊപ്പം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതുമായി ബന്ധപ്പെട്ട് ഒരു സർവ്വകക്ഷിയോഗം വിളിക്കണമെന്നുമാണ് അറിയിക്കാനുള്ളത്. സീറ്റുകൾ കൂട്ടുകയല്ല പുതിയ ബാച്ചുകൾ അനുവദിക്കുക എന്നുള്ളതാണ് ഏറ്റവും പ്രധാനമായ നിർദ്ദേശം. അതുകൂടെ ഗവൺമെന്റ് അടിയന്തരമായി പരിഗണിക്കണമെന്നതാണ് നിർദ്ദേശിക്കാനുള്ളത്. ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീമതി കെ. കെ. രമ സഭയിൽനിന്ന് പുറത്തുപോയി)

(സഭവിട്ട് പുറത്തുപോയ അംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ തിരികെ പ്രവേശിച്ചു.)